LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് വിംഗിലെ ഒഴിവുകൾ

343 (1709) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എഞ്ചിനീയറിംഗ് വിംഗിൽ എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലകൾ തിരിച്ചും തസ്തികകൾ തിരിച്ചും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ ഒഴിവുകൾ

344 (1710) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പഞ്ചായത്ത്-നഗരസഭ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 38 ഗ്രാമപഞ്ചായത്ത് ഓഫീസുകളും 3 നഗരസഭകളും ഉണ്ട്.

(ബി) ഈ ഓഫീസുകളിൽ ഏതെല്ലാം വിഭാഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ്, സീനിയർ ക്ലർക്ക്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ഫുൾടൈം ലൈബ്രേറിയൻ, പാർട്ട്ടൈം ലൈബ്രേറിയൻ, ഫുൾടൈം സ്വീപ്പർ, പാർട്ട്ടൈം സ്വീപ്പർ, പാർട്ട്ടൈം പൗണ്ട് കീപ്പർ എന്നീ തസ്തികകളും എൽ.ഐ.ഡി. & ഇ.ഡബ്ല്യു. സെക്ഷനും, നഗരസഭകളിൽ ജനറൽ വിഭാഗം, ഹെൽത്ത് വിഭാഗം, അക്കൗണ്ട്സ് വിഭാഗം, എഞ്ചിനീയറിംഗ് വിംഗ് എന്നിവയും നിലവിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.